**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4611** **10-08-2021 - ൽ മറുപടിയ്ക്ക്**

**പരസ്യ കരാർ കുടിശ്ശിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പ്രമോദ് നാരായൺ | | Shri Antony Raju<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | 2013-14 സാമ്പത്തിക വർഷം മുതൽ നാളിതുവരെ കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ പരസ്യം ചെയ്യുന്നതിന് കരാർ എടുത്ത കമ്പനികൾ, കരാർ തിയതി, കരാർ തുക എന്നിവയുടെ വിശദവിവരം പട്ടികയായി നൽകാമോ; | (എ) | വിവരങ്ങൾ അടങ്ങുന്ന പട്ടിക അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പ്രസ്തുത കമ്പനികൾ കരാർ പ്രകാരമുള്ള തുക നൽകാതെ കുടിശ്ശികയാക്കിയിട്ടുണ്ടോ; എങ്കിൽ കുടിശ്ശിക എത്രയാണെന്നും കുടിശ്ശിക ലഭ്യമാക്കുവാൻ എന്ത് നടപടിയാണ് സ്വീകരിച്ചതെന്നും വെളിപ്പെടുത്താമോ; | (ബി) | ഉണ്ട്. പ്രസ്തുത കമ്പനികളിൽ M/s. ബ്രാന്റ് ബസാർ, 1,32,27,162/- രൂപ ലൈസൻസ് ഫീ കുടിശ്ശിക വരുത്തിയതിനാൽ ലൈസൻസ് റദ്ദ് ചെയ്തിരിക്കുകയാണ്. കുടിശ്ശിക തുകയിലെ Penalty ഒഴിവാക്കുന്നതിന് ലൈസൻസി ഗവൺമെന്റിൽ സമർപ്പിച്ച പരാതിയിൽ റിപ്പോർട്ട് സമർപ്പിക്കാൻ കെ.എസ്.ആർ.ടി.സി.യോട് ആവശ്യപ്പെട്ടിട്ടുണ്ട്. നിയമ വിഭാഗവുമായി ബന്ധപ്പെട്ട് കരാർ ലംഘനത്തിനെതിരായി ടി ലൈസൻസിയ്ക്ക് നോട്ടീസ് നൽകിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് തുടർ നടപടി സ്വീകരിച്ചു വരികയാണ്. ടെണ്ടർ വ്യവസ്ഥ പ്രകാരമുള്ള 1,40,00,000/- രൂപ സെക്യൂരിറ്റി ഡെപ്പോസിറ്റായി ഒടുക്കിയിട്ടുണ്ട്. M/s. Wowels ലൈസൻസ് ഫീ 2,09,42,875/- രൂപ കുടിശ്ശിക വരുത്തിയതിനാൽ ലൈസൻസ് റദ്ദ് ചെയ്തിരിക്കുകയാണ്. ഇത് സംബന്ധിച്ച് ടി ലൈസൻസി ബഹു. ഹൈക്കോടതി മുമ്പാകെ ഹർജി ഫയൽ ചെയ്തിരുന്നു. ബഹു.ഹൈക്കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് റദ്ദ് ചെയ്ത കെ.എസ്.ആർ.ടി.സി.യുടെ തീരുമാനം 16.07.2021 തീയതിയിലെ സ.ഉ. (സാധാ) 247/2021/ഗതാഗതം ഉത്തരവ് പ്രകാരം സർക്കാർ സാധൂകരിക്കുകയും ചെയ്തു. M/S. Chams Branding Solutions India Pvt. Ltd., 2016-2018 കാലയളവിലെ ലൈസൻസ് ഫീ കുടിശ്ശികയായ 24,60,916/- രൂപയും 2018-2019 കാലയളവിലെ ലൈസൻസ് ഫീ കുടിശ്ശികയായ 61,33,681/- രൂപയും ചേർത്ത് ആകെ 85,94,597/- രൂപ |

| | | | |
|---|---|---|---|
| | | | കുടിശ്ശികയുണ്ട്. 2016-2018 കാലയളവിൽ പരസ്യം പതിയ്ക്കുന്നതിനായി അനുവദിച്ച ആകെ ബസ്സുകളുടെ എണ്ണം ഒടുക്കിയ GST / VAT എന്നിവ സംബന്ധിച്ച് ലൈസൻസി തർക്കം ഉന്നയിച്ചിട്ടുള്ളതും ആയത് സംബന്ധിച്ച് തീരുമാനം കൈക്കൊള്ളുന്നതിനും കുടിശ്ശിക ഈടാക്കുന്നതിനും തുടർ നടപടികൾ സ്വീകരിച്ചുവരുന്നതുമാണ്. കോവിഡ്-19 പശ്ചാത്തലത്തിൽ കെ.യു.ആർ.ടി.സി ബസുകൾ പൂർണ്ണ തോതിൽ സർവ്വീസ് പുനരാരംഭിക്കാത്തതിനാലും ഘട്ടം ഘട്ടമായുള്ള ലോക്ഡൗൺ കാരണവും സാമ്പത്തിക പ്രതിസന്ധിയാണെന്ന് ലൈസൻസി അറിയിക്കുകയുണ്ടായി. കൂടാതെ 2018-2019 കാലയളവിലെ എഗ്രിമെന്റ് തീയതിയിൽ തർക്കം ഉന്നയിച്ചതിനെത്തുടർന്ന് ആയത് പരിഹരിച്ച് 2018-2019-ലെ കുടിശ്ശിക തുക ഈടാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. |
| (സി) | കുടിശ്ശികയുള്ള കമ്പനികൾക്ക് പുതിയ പരസ്യ കരാർ നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത കമ്പനികൾ ബാങ്ക് ഗ്യാരണ്ടിയായി എത്ര തുക നൽകണമെന്നാണ് ബോർഡ് നിർദ്ദേശിച്ചതെന്നും ലഭിച്ച തുകയെത്രയാണെന്നും വിശദമാക്കാമോ; | (സി) | കുടിശ്ശികയുണ്ടായിരുന്ന കമ്പനികൾക്ക് പുതിയ പരസ്യ കരാർ നൽകിയിട്ടുണ്ട്. 2016-ൽ കെ.യു.ആർ.ടി.സി. ബസുകളിൽ പരസ്യം പതിയ്ക്കുന്നതിന് ലൈസൻസ് അനുവദിച്ചു നൽകിയ ലൈസൻസിയായ M/s. Chams Branding Solutions India Pvt. Ltd.–നു തന്നെ 2018-ൽ നടത്തിയ ടെണ്ടർ നടപടിയിലൂടെ ലൈസൻസ് അനുവദിക്കുകയും, നിലവിൽ ടി കമ്പനി തുടർന്നുവരികയുമാണ്. ബാങ്ക് ഗ്യാരണ്ടി സംബന്ധിച്ച് ബോർഡ് നിർദ്ദേശം ലഭിച്ചിട്ടില്ല. മൂന്നു മാസത്തെ ലൈസൻസ് ഫീ തുകയായ 1,33,25,000/- രൂപ സെക്യൂരിറ്റി ഡെപ്പോസിറ്റായി നൽകിയിട്ടുണ്ട്. |
| (ഡി) | പിഴവുകൾ പരിഹരിച്ച് പുതിയ പരസ്യ കരാർ നൽകി കെ.എസ്.ആർ.ടി.സി. യുടെ വരുമാനം വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ? | (ഡി) | കോവിഡ്–19 പശ്ചാത്തലത്തിൽ 24.03.2020 മുതൽ 08.06.2020 വരെ പ്രഖ്യാപിച്ച ലോക്ഡൗൺ കൂടാതെ സംസ്ഥാന തലത്തിൽ ഘട്ടം ഘട്ടമായി പ്രഖ്യാപിക്കപ്പെട്ട ലോക്ഡൗണും കെ.എസ്.ആർ.ടി.സി.യുടെ സർവ്വീസ് ഓപ്പറേഷനെ സാരമായി ബാധിച്ചിട്ടുണ്ട്. ആകയാൽ പരസ്യ മേഖലയിലും, മറ്റ് ഇതര മേഖലകളിലും സാമ്പത്തിക നഷ്ടം നേരിടുകയാണ്. നിലവിൽ ഓർഡിനറി ബസുകളിൽ നേരിട്ട് പരസ്യ ദാതാക്കളെ കണ്ടെത്തി പരസ്യം നൽകുന്നതിലൂടെ വരുമാനം ലഭിക്കുന്നുണ്ട്. അപ്രകാരം പുതിയ വരുമാന രീതികൾ കണ്ടെത്തി വരുമാനം വർദ്ധിപ്പിക്കുന്നതിന് ഒരു മാർക്കറ്റിംഗ് വിംഗ് കെ.എസ്.ആർ.ടി.സി.യിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

(A)

| Sl.No | കരാർ എടുത്ത കമ്പനികൾ | കരാർ കാലം | കരാർ തുക |
|---|---|---|---|
| 1 | Chakra Communication | 22.08.2013 to 21.08.2015 | 7,12,99,999 |
| 2 | Chakra Communication | 22.08.2015 to 21.08.2016 | 3,92,15,000 |
| 3 | Chakra Communication | 01.09.2016 to 31.08.2018 | 16,76,00,000 |
| 4 | Chams Branding solutions India Private Limited | 01.09.2016 to 31.08.2018 | 2,61,00,000 |
| 5 | Chams Branding solutions India Private Limited | 16.11.2018 to 15.11.2019 Still Contining | 2,59,45,850 |
| 6 | Brand Bazar | 29.04.2019 to 28.04.2020 | 5,60,00,000 |
| 7 | Wowels | 20.04.2019 to 19.04.2020 | 9,07,00,000 |

Radha

സെക്ഷൻ ഓഫീസർ